<u>മി. സ്പീക്കർ</u>: ചോദ്യോത്തര വേളയിൽ എന്താണ് സംഭവിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. ചോദ്യങ്ങൾ ക്ലബ് ചെയ്യാനാവശ്യപ്പെട്ട അംഗങ്ങളുടെ പേര് പറയുകയും ആ ചോദ്യങ്ങളെല്ലാം ക്ലബ് ചെയ്തതായി സഭയെ അറിയിക്കുകയും അവയ്ക്കുള്ള ഉത്തരം മുഖ്യമന്ത്രിക്ക് നൽകാവുന്നതാണെന്ന് പറയുകയും ചെയ്തശേഷം അദ്ദേഹം എഴുന്നേറ്റ് മിനിറ്റുകൾക്കുശേഷമാണ് പ്രതിഷേധ പ്രകടനം ആരംഭിച്ചത്. ആ പ്രതിഷേധ പ്രകടനത്തിന്റെ ഭാഗമായി അവർ താഴെയിറങ്ങി വന്നതിനുശേഷമാണ് അങ്ങ് എഴുന്നേറ്റുനിന്ന് ആവശ്യപ്പെട്ടത്. അതാണ് സംഭവിച്ചതെന്ന് നമുക്കറിയാം. പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ള അവകാശം നിഷേധിക്കുന്നത് ചെയറിന്റെ ഭാഗത്തുനിന്നല്ല, അങ്ങ് സംസാരിക്കുന്നതിനുമുമ്പ് അങ്ങയുടെ പുറകിലിരിക്കുന്ന അംഗങ്ങളുടെ നിലപാടിന്റെ ഭാഗമായിട്ടാണെന്ന് മനസ്സിലാക്കണം.

-